9 (*424) ഹൗസിംഗ് സഹകരണസംഘങ്ങളുടെ പ്രവർത്തനം

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. എ. കണാരൻ :

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൗസിംഗ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന എല്ലാ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾക്കും ഹൗസിംഗ് ഫെഡറേഷന്റെ അഫിലിയേഷൻ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഹൗസിംഗ് ഫെഡറേഷന്റെ അഫിലിയേഷൻ ഇല്ലാത്ത പ്രാഥമിക ഹൗസിംഗ് സഹകരണസംഘങ്ങളുടെ പ്രവർത്തനം സഹകരണ തത്വങ്ങൾക്ക് നിരക്കാത്തതാണോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് അഫിലിയേഷൻ ഇല്ലാതെ പ്രവർത്തിച്ചു വരുന്ന എല്ലാ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെയും പ്രവർത്തനം സുഗമമാക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) എല്ലാ പ്രാഥമിക ഹൗസിംഗ് സഹകരണസംഘങ്ങൾക്കും അഫിലിയേഷൻ ഇല്ല.

(സി)&(ഡി) പ്രാഥമിക ഹൗസിംഗ് സംഘങ്ങളുടെ പ്രവർത്തനം സഹകരണ നിയമത്തിനും സഹകരണ തത്വങ്ങൾക്കും അനുസൃതമായി തന്നെയാണ് നടക്കുന്നത്. ഇവയ്ക്ക് ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ അവയുടെ തന്നെ അപ്പെക്സ് ഫെഡറേഷനിൽ അഫിലിയേഷൻ ലഭിക്കണം.

(ഇ)&(എഫ്) പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെ ഫൈനാൻസിംഗ് സ്ഥാപനമായ ഹൗസിംഗ് ഫെഡറേഷനാണ് ഇക്കാര്യത്തെ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത്.

10 (*425) മൈത്രി പാർപ്പിട പദ്ധതി

ശ്രീ. പി. രാഘവൻ :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീ പാർപ്പിട പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയിൽപ്പെടുത്തിയുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ സംസ്ഥാനത്ത് മന്ദഗതിയിലാണോ നടന്നുവരുന്നത്; എങ്കിൽ ഇതൊഴിവാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ;

(സി) മൈത്രി ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തിയുള്ള വീടു നിർമ്മാണത്തിനുവേണ്ടി സംസ്ഥാനത്തെ വിവിധ തദ്ദേശ ഭരണസ്ഥാപനങ്ങൾ ലക്ഷക്കണക്കിനു രൂപ ജനകീയാസൂത്രണ പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പണം മുൻകൂറായി നിക്ഷേപിച്ചിട്ടുള്ള ഈ പദ്ധതിയുടെ പണി കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) മൈത്രി പാർപ്പിട പദ്ധതി പ്രകാരം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 1999 മേയ് വരെ 1,40,005 പേർക്ക് വായ്പാനുമതി നൽകുകയും 1,00,964 വീടുകൾ പൂർത്തിയാക്കുകയും വായ്പയായി 31143.02 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഊർജ്ജിതമായി തന്നെയാണ് ഈ പദ്ധതിയുടെ പ്രവർത്തനം നടന്നുവരുന്നത്.

(സി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മൈത്രി ഭവന നിർമ്മാണ സഹായധനമായി ഹൗസിംഗ് ബോർഡിൽ പണം നിക്ഷേപിച്ചിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള മുഴുവൻ വായ്പാപേക്ഷകളും അർഹത പരിശോധിച്ച് വായ്പാഗഡുക്കൾ സമയബന്ധിതമായി അനുവദിക്കുന്നതിന് ഊർജ്ജിത നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്.

11 (*426) സബ്‌രജിസ്ട്രാർ ആഫീസുകളിലെ അഴിമതി തടയുന്നതിന് നടപടി

ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സബ് രജിസ്ട്രാർ ആഫീസുകളിൽ സാമ്പത്തിക തിരിമറിയും അഴിമതിയും നടക്കാതിരിക്കുന്നതിനും തടയുന്നതിനും എന്തൊക്കെ സ്ഥിരം അന്വേഷണ സംവിധാനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിങ്ങിന്റെ പരിശോധന സബ്‌രജിസ്ട്രാർ ആഫീസുകളിൽ വ്യാപിപ്പിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ആധാരമെഴുത്തുകാരും സബ് രജിസ്ട്രാർ ആഫീസുകളിലെ ജീവനക്കാരും ഒത്തുചേർന്ന് സബ് രജിസ്ട്രാർ ഓഫീസുകൾ കേന്ദ്രമാക്കി

LIBRARY ARCHIVES Kerala Legislative Assembly